"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വിവര പൊതുജന സമ്പർക്ക വകുപ്പ്-നടപ്പ സാമ്പത്തിക വർഷം (2023-2024) "2220-01-105-98 വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണം (പ്ലാൻ)" ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.101/2023/I&PRD തിരുവനന്തപുരം, 26-10-2023

---

പരാമർശം:-

1. 15.06.2022-ലെ സ.ഉ.(സാധാ)നം.83/2022/ഐ&പി.ആർഡി.
2. 22.03.2023-തീയതിയിൽ ഡെപ്യൂട്ടി ഡയറക്ടർ(വിഷ്വൽ കമ്മ്യൂണിക്കേഷൻ) സമർപ്പിച്ച പ്രൊപ്പോസൽ
3. 19.05.2023-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം
4. ഡെപ്യൂട്ടി ഡയറക്ടർ (വിഷ്വൽ കമ്മ്യൂണിക്കേഷൻ) സമർപ്പിച്ച പ്രൊപ്പോസൽ
5. 23.06.2023-ലെ സ.ഉ.(സാധാ)നം. 62/2023 /ഐ&പി.ആർ.ഡി
6. 30.06.2023- ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം
7. 02.08.2023-ലെ സ.ഉ.(സാധാ)നം. 79/2023/ഐ&പി.ആർ.ഡി

ഉത്തരവ്

നടപ്പ സാമ്പത്തിക വർഷം (2023-2024) "2220-01-105-98 വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണം (പ്ലാൻ)" ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളത് 550 ലക്ഷം രൂപയാണ്. പ്രസ്തുത ശീർഷകത്തിൽ നിന്നും നടപ്പ സാമ്പത്തികവർഷത്തെ പദ്ധതികളുടെ നടത്തിപ്പിലേക്കായി 3,35,21,000/- രൂപ വിനിയോഗിക്കുന്നതിന് പരാമർശം (5) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. 2022-2023 സാമ്പത്തികവർഷം പരാമർശം (1) പ്രകാരം 5,30,12,378/- രൂപ വിനിയോഗിക്കുന്നതിനു ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും പദ്ധതികൾ നടപ്പാക്കുകയും ചെയ്തിരുന്നെങ്കിലും ബില്ല് പേമെന്റ് ആകാത്തതിനാൽ തുക ലാപ്സാകാതിരിക്കുന്നതിനായി "2220-01-105-98-വീഡിയോ ഡോക്യുമെൻററികളുടെ നിർമ്മാണം (പ്ലാൻ) ശീർഷകത്തിൽ നിന്നും 2,23,80,000/- രൂപ ഇ-ലാംസിലേക്കു മാറ്റുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ (വിഷ്വൽ കമ്മ്യൂണിക്കേഷൻ) പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രൊപ്പോസൽ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | ഇനം | തുക (രൂപ) |
|---|---|---|
| | നവകേരളം- ടെലിവിഷൻ പരിപാടി (നിർമ്മാണം- | |

| | | |
|---|---|---|
| 1 | 'നവകേരളം' ടെലിവിഷൻ പരിപാടി (നിർമ്മാണം & സംപ്രേഷണം) | 4,012,000/- |
| 2 | ഡോക്യുമെന്ററി നിർമ്മാണം | 1,58,75,000/- |
| 3 | ഹ്രസ്വ വീഡിയോ ചിത്രങ്ങൾ | 5,00,000/- |
| 4 | ഹെലിക്യാം ചിത്രീകരണം | 8,00,000/- |
| 5 | കോസ്റ്റ് കമ്മിറ്റി സിറ്റിങ്ങ് ഫീസ് | 4,000/- |
| 6 | 'പ്രിയ കേരളം' ടെലിവിഷൻ പരിപാടി (നിർമ്മാണം& സംപ്രേഷണം) | 2,68,000/- |
| 7 | 'ജനപഥം' പ്രതിവാര റേഡിയോ പരിപാടി (നിർമ്മാണം & പ്രക്ഷേപണം) | 2,16,000/- |
| 8 | ഓൺലൈൻ വീഡിയോ മത്സരം- "മിഴിവ്" | 6,00,000/- |
| 9 | ഇൻഫോ വീഡിയോ | 1,00,000/- |
| 10 | എഡിറ്റ് സ്യൂട്ട് പരിപാലനം | 5,000/- |
| | **ആകെ** | **2,23,80,000/-.** |

2. പരാമർശം (3) പ്രകാരം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇ-ലാംസിലേക്ക മാറ്റുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ പേമെന്റ് സംബന്ധിച്ച വിശദാംശം/ഘടകങ്ങൾ വിഭജിച്ച് ലഭ്യമാക്കാത്തതിനാൽ നിരസിക്കുകയും തുടർന്ന് പരാമർശം (4) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ (വിഷ്വൽ കമ്മ്യൂണിക്കേഷൻ) പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. പ്രൊപ്പോസൽ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | 'നവകേരളം' ടെലിവിഷൻ പരിപാടി (നിർമ്മാണം- 35,40,000/- രൂപ & സംപ്രേഷണം - 4,72,000/- രൂപ) | 40,12,000/- |
| | | |

| | | |
|---|---|---|
| 2 | ഹ്രസ്വ ചിത്രം/ഡോക്യുമെന്ററി (സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള ഹ്രസ്വ ചിത്രങ്ങൾ - 90,00,000/-രൂപ, 'ആസാദി കാ അമൃത് മഹോത്സവ്' ഡോക്യുമെന്ററികൾ-67,00,000/-രൂപ, ചാറ്റ് പാട്ട് ഡോക്യുമെന്ററി -1,73,650/-രൂപ) | 1,58,73,650/- |
| 3 | ഹെലികാം പദ്ധതി | 6,00,000/- |
| 4 | കോസ്റ്റ് കമ്മിറ്റി സിറ്റിംഗ് ഫീസ് | 4,000/- |
| 5 | 'പ്രിയകേരളം' ടെലിവിഷൻ പരിപാടി (നിർമ്മാണം 2023 മാർച്ച് -74,000/- രൂപ & സംപ്രേഷണം (2023 മാർച്ച് -1,50,451/- രൂപ) | 2,24,451/- |
| 6 | 'ജനപഥം' (നിർമ്മാണം 2023 മാർച്ച് -28,000/- രൂപ & പ്രക്ഷേപണം 2023 ജനുവരി, ഫെബ്രുവരി-1,30,000/-) | 1,58,000/- |
| 7 | ഇൻഫോ വീഡിയോ നിർമ്മാണം | 1,00,000/- |
| 8 | ഓൺലൈൻ വീഡിയോ മത്സരം"മിഴിവ് " | 5,00,000/- |
| 9 | എഡിറ്റ് സ്യൂട്ട് പരിപാലനം | 5000/- |
| | ആകെ | 2,14,77,101/- |

3. പരാമർശം (6) പ്രകാരം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രൊപ്പോസൽ പരിശോധിക്കുകയും ബില്ലുകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയശേഷം 2,14,77,101/- രൂപയുടെ പുതുക്കിയ ഭരണാനുമതി ഉത്തവ് പുറപ്പെടുവിക്കേണ്ടതാണ് എന്ന് ശിപാർശ ചെയ്യുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന തുകയ്ക്ക് ബില്ലുകൾ ലഭ്യമായി സൂക്ഷ്മപരിശോധന നടത്തിയതിനു ശേഷം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് എന്ന വ്യവസ്ഥയിൽ 1,36,18,849/- രൂപ വിനിയോഗിക്കുന്നതിനു പരാമർശം (7) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ബില്ലുകൾ ലഭ്യമായതും ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമായ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | ഇനം | തുക (രൂപ) |
|---|---|---|
| 1 | 'നവകേരളം' ടെലിവിഷൻ പരിപാടി - നിർമ്മാണം-8,85,000/- രൂപ | 8,85,000/- |
| 2 | ഹ്രസ്വ ചിത്രം/ഡോക്യുമെന്ററി (സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള ഹ്രസ്വ ചിത്രങ്ങൾ, - 19,17,500/-രൂപ, നൂറുദിന കർമ്മ പരിപാടികളുടെ ഭാഗമായി നിർമ്മിച്ച വീഡിയോ ചിത്രം -70,000/-, 'ആസാദി കാ അമൃത് മഹോത്സവ്' ഡോക്യുമെന്ററികൾ- 21,64,000/- രൂപ (ചരിത്ര പണ്ഡിതർക്കുള്ള സിറ്റിംഗ് ഫീസ് ഇനത്തിൽ | 41,51,500/- |

| | | |
|---|---|---|
| | 14,000/- രൂപ ഉൾപ്പെടെ) | |
| 3 | ഇൻഫോ വീഡിയോ നിർമ്മാണം | 1,00,000/- |
| | ആകെ | 51,36,500/- |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബില്ലുകൾ സമർപ്പിച്ച പ്രവൃത്തികൾക്ക് നടപ്പ സാമ്പത്തികവർഷം "2220-01-105-98 വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണം (പ്ലാൻ)" ശീർഷകത്തിൽ നിന്നും മേൽ പരാമർശിച്ച പട്ടിക പ്രകാരം ആകെ 51,36,500/- രൂപ (അൻപത്തൊന്ന് ലക്ഷത്തി മുപ്പത്താറായിരത്തി അഞ്ഞൂറ് രൂപ മാത്രം) വിനിയോഗിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ശേഷിക്കുന്ന തുകയ്ക്ക് ബില്ലുകൾ ലഭ്യമായി സൂക്ഷ്മപരിശോധന നടത്തിയതിനു ശേഷം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ഡെപ്യൂട്ടി സെക്രട്ടറി

അഡീഷണൽ ഡയറക്ടർ (ഇ എം ഡി)
ഡെപ്യൂട്ടി ഡയറക്ടർ (വി സി)
ഇൻഫർമേഷൻ ഓഫീസർ (എവിഡി/പ്ലാനിംഗ്)
അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്/ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്
വിവര പൊതുജന സമ്പർക്ക (ബി) വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിവര പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ സി.എ.യ്ക്ക്.